# നവമാധ്യമങ്ങൾ സാഹിത്യം • സംസ്കാരം • രാഷ്ട്രീയം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

FOLLOW



ഡോ. എം.ആർ. ഷെല്ലി



ഡോ. എ.എസ്. പ്രതീഷ്

ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്നു നാമകരണം ചെയ്യപ്പെട്ട നവമാധ്യമങ്ങളുടെ ഇടപെടലുകളെ സംബന്ധിച്ച് ആധികാരികമായി തയാറാക്കിയ പഠനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. സാഹിത്യത്തിലും സംസ്കാരത്തിലും രാഷ്ട്രീയത്തിലും നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന, നവലോകത്തെയൊന്നാകെ പരസ്പരം കോർത്തിണക്കിയ നവമാധ്യമസങ്കേതങ്ങളുടെ സാധ്യതകളും പരിമിതികളും പരിണാമഗതികളും ആഴത്തിൽ അന്വേഷണവിധേയമാക്കുകയും ചെയ്യുന്നു ഈ ഗ്രന്ഥം.

1204 likes

Social_media # culture # literature # politics

SIL / 4398 വില ₹ 80/-



9 788120 043985 00080


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

നവമാധ്യമങ്ങൾ സാഹിത്യം • സംസ്കാരം • രാഷ്ട്രീയം ഡോ. എം.ആർ. ഷെല്ലി ഡോ. എ.എസ്. പ്രതീഷ്

facebook.com/keralabhashainstitute/

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഹോം



കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
@keralabhashainstitute

Home
Posts
Videos
Photos
About
Community
Events
Reviews
Create a Page

Liked · Following · Share

Contact Us · Send Message

Write a post...

Photo/Video · Tag Friends · Check in

Government Organization in Trivandrum, India

Community · See All

Invite your friends to like this Page
363 people like this
367 people follow this
Kerala Sahithya Academy and 3 other friends Like this or have checked in

About · See All

Director, State Institute of Languages, Trivandrum
Trivandrum, India 695003
Get Directions
0471 2316306
Typically replies within a day
Send Message
www.keralabhashainstitute.org/index.htm
Government Organization
Impressum
Opens tomorrow

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് is with ഡോ. എം.ആർ. ഷെല്ലി and ഡോ. എ.എസ്. പ്രതീഷ്
july 12 at 10.30 am

ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്നു നാമകരണം ചെയ്യപ്പെട്ട നവമാധ്യമങ്ങളുടെ ഇടപെടലുകളെ സംബന്ധിച്ച് ആധികാരികമായി തയാറാക്കിയ പഠനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം.

# നവമാധ്യമങ്ങൾ

## സാഹിത്യം.സംസ്കാരം.രാഷ്ട്രീയം

സമ്പാദനം

ഡോ. എം.ആർ. ഷെല്ലി
ഡോ. എ.എസ്. പ്രതീഷ്

Like · Comment · Share

മലയാളഭാഷ വളർച്ചയുടെയും മാറ്റത്തിന്റെയും പാതയിലാണ്.
മലയാളം സൈബർ സാന്നിധ്യത്തിലൂടെ ആഗോളവ്യാപകമായി എത്തുന്ന
തിനൊപ്പം അതിന്റെ വ്യവഹാരവ്യാപ്തിയും ഏറിയിരിക്കുന്നു. വളർന്നു
കൊണ്ടിരിക്കുന്ന ഏതൊരു ഭാഷയും കാലാനുസൃതമായ മാറ്റത്തിനു
വിധേയമാണ്. പുതിയപദങ്ങൾ, വാക്യഘടനയിൽ സംഭവിക്കുന്ന മാറ്റ
ങ്ങൾ, ചുരുക്കെഴുത്തുകൾ, അർഥവ്യാപ്തിയുള്ള പുത്തൻ ചിഹ്നങ്ങൾ
തുടങ്ങിയവയെല്ലാം ഭാഷയെ വളർത്തുന്നവയാണ്. ഭാഷയുടെ മാറ്റം
സാഹിത്യത്തെ രൂപതലത്തിലും ആഖ്യാനതലത്തിലും പരിവർത്തിപ്പി
ക്കുന്നു. ബ്ലോഗെഴുത്തുകളും എസ്.എം.എസ്സുകളുമെല്ലാം കാലത്തിന്റെ
സംസ്കാരം .പേറുന്ന ചുവരെഴുത്തുകളും സാഹിത്യവുമാണ്. വിക്കി
പീഡിയ, ഡിജിറ്റൽ ലൈബ്രറി, ഓൺലൈൻ പത്രം, വെബ് മാഗസിൻ,
ഇന്ററാക്ടീവ് ഇ-ബുക്ക്, ഇ-നിഘണ്ടു, ഓർക്കുട്ട്, ഫെയ്സ്ബുക്ക്, ട്വിറ്റർ,
ഇ-മെയിൽ തുടങ്ങിയ സാങ്കേതിക ഡിജിറ്റൽ വേദികൾ പ്രദാനം ചെയ്യുന്ന
ആശയമേഖലയുടെ വ്യാപ്തിയും വ്യവഹാരമണ്ഡലവും വിസ്തൃതിയുള്ള
താണ്. മാധ്യമകേന്ദ്രീകൃതമായി രൂപപ്പെട്ടുവരുന്ന പുതിയ പൊതുമണ്ഡലം
സൈബർ ജനാധിപത്യവും സിറ്റിസൺ ജേണലിസവും പോലുള്ള ഡിജി
റ്റൽ സംസ്കാരത്തിന്റെയും പുതുകാല നിർമിതിയുടെയും ഭാഗമാണ്. ഈ
പശ്ചാത്തലത്തിൽ നമ്മുടെമുന്നിൽ ക്രമത്തിൽ മാറിക്കൊണ്ടിരിക്കുന്ന
സാഹിത്യം, സംസ്കാരം, രാഷ്ട്രീയം എന്നിവയെ വിശകലനം ചെയ്യുക
യെന്ന ദൗത്യമാണ് ഈ പുസ്തകത്തിനുള്ളത്.

കൊല്ലം ഫാത്തിമമാതാ നാഷണൽ കോളെജ് യു.ജി.സി ധനസഹായ
ത്തോടെ നടത്തിയ ദ്വിദിനദേശീയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധ
ങ്ങളാണ് ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുള്ളത്. നവമാധ്യമരംഗത്തെ
വിദഗ്ധരും ഗവേഷകരുമാണ് ഈ പ്രബന്ധങ്ങൾ ഓരോന്നും തയാറാക്കി
യിരിക്കുന്നത്. സാഹിത്യത്തിലും സംസ്കാരത്തിലും രാഷ്ട്രീയത്തിലും
നവമാധ്യമങ്ങൾ എപ്രകാരം സ്വാധീനം ചെലുത്തുന്നു എന്നു മനസ്സിലാ
ക്കുന്നതിന് ഈ ഗ്രന്ഥം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. എം.ആർ. ഷെല്ലി**
**ഡോ. എ.എസ്. പ്രതീഷ്**

## ഉള്ളടക്കം


നവമാധ്യമങ്ങൾ : സാഹിത്യം, സംസ്കാരം, രാഷ്ട്രീയം — 1
*ഡോ. എ.എസ്. പ്രതീഷ്*

നവമാധ്യമങ്ങളുടെ ആഖ്യാനരീതികൾ — 7
*ഡോ. ടി. ജിതേഷ്*

അനുഭവങ്ങളുടെ ലിങ്കുകൾ — 13
*ഡോ. ഒ.കെ. സന്തോഷ്*

നവമാധ്യമങ്ങൾ : വിനിമയ ജനാധിപത്യത്തിന്റെ തുറസ്സുകൾ — 21
*ഡോ. ആർ.എസ്. ജയ*

സിനിമ : വിവർത്തനത്തിന്റെ നവമാധ്യമധർമം — 25
*ഡോ. വത്സലൻ വാതുശ്ശേരി*

ഇ-വായനയുടെ ഇടങ്ങൾ മലയാളസാഹിത്യത്തിൽ — 36
*ഡോ. എം.എസ്. സുചിത്ര*

സിറ്റിസൺ ജേണലിസം : സാധ്യതകളും പരിമിതികളും — 42
*ഡോ. ആർ. രാജേഷ്*

നവമാധ്യമങ്ങൾ : ഒരു രാഷ്ട്രീയ പ്രചരണോപാധി — 47
*ഡോ. എസ്. ജയൻ*

സൈബറും ഫിക്ഷനും — 51
*ഡോ. ഡി. വി. അനിൽകുമാർ*

ഫെയ്സ്ബുക്ക് : ആത്മരതിയുടെ വെളിയിടം — 58
*ഡോ. എസ്. അജയഘോഷ്*

എസ്.എം.എസ് : ഭാഷയുടെ പാരമ്പര്യനിഷേധം — 65
*കിരൺ മോഹൻ എം.*

അധികാരത്തിന്റെ പ്രയോഗവും സംസ്കാരവും നവമാധ്യമങ്ങളിൽ — 72
*രമ്യ ആർ.*

നവമാധ്യമങ്ങളും മൂല്യസങ്കൽപ്പങ്ങളും — 77
*ജോൺ എം.പി.*

# ഇ - വായനയുടെ ഇടങ്ങൾ മലയാളസാഹിത്യത്തിൽ

*ഡോ. എം.എസ്. സുചിത്ര*

## പുതുകവിതയിലെ നവമാധ്യമ ഇടങ്ങൾ

സാമൂഹിക-സാംസ്കാരിക മേഖലകളെ സമഗ്രമായി ഉൾക്കൊള്ളുന്ന ശക്തിവിശേഷം വഹിക്കുന്നവയാണു മാധ്യമങ്ങൾ. സാങ്കേതികവിദ്യയുടെ അപരിമേയസാധ്യതകളും ഇലക്ട്രോണിക്മാധ്യമങ്ങളും ചേർന്നു രൂപപ്പെടുത്തിയിരിക്കുന്ന സംസ്കാരം മനുഷ്യജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. അതായത്, സാംസ്കാരികസമൂഹത്തിന്റെ പ്രബല കേന്ദ്രമായി മാറിയിരിക്കുകയാണു മാധ്യമങ്ങൾ. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തി ആശയവിനിമയം കൈകാര്യം ചെയ്യുന്ന മാധ്യമങ്ങളാണ് നവമാധ്യമങ്ങൾ. കമ്പ്യൂട്ടറിനോടനുബന്ധമായവയും പുതുമാധ്യമങ്ങളുടെ തന്നെ ഡിജിറ്റൽ രൂപങ്ങളുമൊക്കെ ചേർന്നവയാണിവ. നവമാധ്യമങ്ങളുടെ ത്വരിതഗതിയിലുള്ള വളർച്ച, നിലവിലുണ്ടായിരുന്ന വിനിമയപ്രക്രിയകളുടെ സാധ്യതകളെ അൽഭുതകരമാംവിധം രൂപപ്പെടുത്തുകയും ഒപ്പം രൂപാന്തരപ്പെടുത്തുകയും ചെയ്തു.

സർഗാത്മകതയുടെ ലോകത്തേക്കു കടന്നുവന്ന നവമാധ്യമങ്ങൾ, ഉള്ളടക്കമായും ഭാഷയായും മാറുകയും ആവിഷ്കാരത്തിന്റെ വിഭിന്ന തലങ്ങളിൽ പുതുമനിറയ്ക്കുകയും ചെയ്തു. സൃഷ്ട്യുൻമുഖതയിൽ വിനിമയസാധ്യതയുമായി പുതുമാധ്യമങ്ങളെത്തന്നെ സന്നിവേശിപ്പിച്ചുകൊണ്ട് തങ്ങളുടേതായ ആവിഷ്കാരനിലപാടുകളെ എഴുത്തുകാർ സ്വീകരിച്ചു. സാഹിത്യാനുഭൂതി പകരാൻ ശക്തമായ സ്രോതസ്സാക്കി മാറ്റിയതിലൂടെ പുതിയൊരു ഭാവുകത്വം സൃഷ്ടിക്കപ്പെടുകയും ചെയ്തു. പുതുകവിതകളിലാണ് ഇത്തരമൊരവസ്ഥയുടെ സജീവസാന്നിധ്യവും സ്വീകാര്യതയും ഏറെ കാണാനാകുന്നത്. വ്യക്തിജീവിതാനുഭവങ്ങളിലും മാറുന്ന മനുഷ്യാവബോധത്തിലുമൊക്കെ മാറ്റത്തിന്റെ അനിവാര്യത സൃഷ്ടിച്ചുകൊണ്ടാണു പുതുമാധ്യമങ്ങൾ കടന്നുവന്നത്. നിലവിലുള്ള ജീവിതസാഹചര്യങ്ങളെ ആധുനികസാഹചര്യങ്ങളിലേക്കു പരിവർത്തനം ചെയ്തു കൊണ്ട് ഭാവിയുടെ സംവേദനം രൂപപ്പെടുത്താനുള്ള ശ്രമമാണിത്.



സങ്കീർണസന്ദർഭങ്ങളിലെ സൗന്ദര്യാവിഷ്കരണത്തിലൂടെ പുതുകാലത്തെ വ്യാഖ്യാനിക്കാനുള്ള ഉദ്യമമാണ് ഈ പഠനം. മോഹനകൃഷ്ണൻ കാലടിയുടെ 'റിങ്ടോൺ' എന്ന കവിത നോക്കുക:

"ഇന്നലെ ഞാൻ നിനക്കൊരു എസ്.എം.എസ് അയച്ചിരുന്നു. കിട്ടിയോ?
ഓ, ഒരു റിങ്ടോൺ അല്ലേ ഞാൻ അതപ്പോഴേ ഡിലീറ്റ് ചെയ്തു
അയ്യോ
അതെന്റെ ഹൃദയമിടിപ്പുകളായിരുന്നു."

നേർക്കാഴ്ചകളെ അനുഭവമാക്കി പരുവപ്പെടുത്തിക്കൊണ്ട് തനിക്കു പറയാനുള്ള കാര്യങ്ങൾ ക്രൂരമായ നിസംഗതയോടെ അതിസാന്ദ്രമായി പറയാനുള്ള ശേഷി ഇത്തരം കവിതകൾ വച്ചു പുലർത്തുന്നുണ്ട്. നിമിഷങ്ങളെ നിഷ്പ്രഭമാക്കി ചുവടുവയ്ക്കുന്ന പുതുമാധ്യമതരംഗങ്ങൾ ജീവിതഗതിവേഗങ്ങൾക്കും ഈടുവയ്പുകൾക്കും ഒരുപടി മുന്നേയാണു പ്രയാണം ചെയ്യുന്നത്. മനസ്സിന്റെ പിടച്ചിലുകളും സ്വകാര്യചിന്തകളും കേവല പദവിന്യാസത്താലുള്ള ഇതിവൃത്ത നിർമിതിയുമൊക്കെച്ചേർന്ന് സർഗാത്മകത ഉടൽരൂപം കൈക്കൊണ്ട് മാനുഷികാവസ്ഥകൾക്കു രൂപപരിണതി നൽകുന്നു. സംഭാഷണഭാഷയെ കാവ്യഭാഷയാക്കി മാറ്റുന്ന മാന്ത്രികമായ വശ്യത ഇവിടെ പ്രകടമാണ്. തുടർന്നുവരുന്ന മറ്റൊരു കവിതയിലും ഈ രീതി കാണാവുന്നതാണ്.

"നിന്റെ പേരാണത്രേ എന്റെ പാസ്‌വേഡ്
എന്റെ ലാപ്ടോപ്പിന്റെ, സെൽഫോണിന്റെ
വെബ് അക്കൗണ്ടുകളുടെ, എടിഎം കാർഡുകളുടെ
എല്ലാം ഹൃദയരഹസ്യങ്ങൾ
ഒരു പ്രണയ സർപ്പമായി കാത്തുപോരുന്നത്
നിന്റെ നാമാക്ഷരങ്ങളാണ്.
.............................................
ഇനിയെങ്കിലും നിന്റെ കള്ളപ്പേരല്ലാത്തൊരുപേര്
ചൊല്ലിത്തന്നുകൂടെ?"
(പാസ്‌വേഡ് -മോഹനകൃഷ്ണൻ കാലടി)

ഭാവസാന്ദ്രതയെ ഉൻമൂലനം ചെയ്യാനുള്ള ശക്തി ഒരു തുണ്ടു വാക്കിനാലാകുന്നു. എഴുത്താളന്റെ മാധ്യമം ഭാഷയാണ്, വാക്കാണ്. ഭാഷ, ഒരു മാധ്യമമെന്ന നിലയിൽ എങ്ങനെ നിലകൊള്ളുന്നുവെന്ന കാഴ്ചപ്പാട് ഇവിടെ പ്രസക്തമാണ്. അത് മനുഷ്യജീവിതത്തെ, അവസ്ഥകളെ, ഭാവാന്തരങ്ങളെ ഉൾക്കൊള്ളാൻ തക്കവിധം വളരെച്ചുരുങ്ങിയ വാക്കുകളിലൂടെ വികാസം നേടിയിരിക്കുന്നു. ജീവിതത്തിന്റെ സാധാരണ കാഴ്ചകളെ നിരത്തിക്കൊണ്ട് അസാധാരണ കാഴ്ചയാക്കിമാറ്റുന്ന പുതിയകാലത്തിന്റെ കാപട്യങ്ങളെ കനിവോടെ നമ്മുടെ മുന്നിലെത്തിക്കുകയാണ് 'പാസ്‌വേഡ്'.